"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ- പ്ലാനിംഗ് - 'Research and Development in selected aspects of Human Settlement Planning and Development' എന്ന പ്ലാൻ സ്കീമിന് കീഴിൽ കരാർ നിയമന വ്യവസ്ഥയിൽ പ്ലാനർ അസോസിയേറ്റിനെ താല്ക്കാലികമായി നിയമിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.1612/2025/LSGD തീയതി,തിരുവനന്തപുരം, 27-06-2025

---

പരാമർശം:- 1. സ.ഉ(സാധാ) നം. 1303/2024/തസ്വഭവ തീയതി 20.01.2025

2. ചീഫ് ടൗൺ പ്ലാനറുടെ 02.06.2025 തിയതിയിലെ LSGD/PD/33756/2024-TCPB2(2) നമ്പർ കത്ത്.

**ഉത്തരവ്**

'Research and Development in selected aspects of Human Settlement Planning and Development' എന്ന പ്ലാൻ സ്കീമിൽ 2024-25 സാമ്പത്തിക വർഷത്തിൽ പ്ലാനർ അസോസിയേറ്റിനെ താല്ക്കാലികമായി നിയമിക്കുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 2024-25 സാമ്പത്തിക വർഷം പ്ലാനർ അസോസിയറ്റിന് നിയമനം നൽകുന്നതിന് സാധിച്ചിരുന്നില്ലെന്നും, Research and Development in selected aspects of human settlement Planning and Development എന്ന സ്കീമിൽ 2025-26 സാമ്പത്തിക വർഷത്തിലേയ്ക്ക് 2217-05-001-68-34 എന്ന ശീർഷകത്തിൽ 14 ലക്ഷം രൂപ (പതിനാല് ലക്ഷം രൂപ)-യ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാൽ പ്രസ്തുത സാമ്പത്തിക വർഷത്തെ 2217-05-001-68-34 ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും 35000/- രൂപ മാസവേതന നിരക്കിൽ കരാർ നിയമന വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഒരു പ്ലാനർ അസ്സോസിയേറ്റിനെ നിയമിക്കുന്നതിന് അനുമതി നൽകണമെന്നും അഭ്യർത്ഥിച്ചു കൊണ്ട് പരാമർശം (2) പ്രകാരം സിറ്റിപി(ജനറൽ) പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'Research and Development in selected aspects of human settlement Planning and Development ' എന്ന സ്കീമിൽ ഉൾ പ്പെടുത്തി 2025-26 സാമ്പത്തിക വർഷത്തെ R&D 2217-05-001-68-34 ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും 35000/- രൂപ മാസവേതന നിരക്കിൽ കരാർ നിയമന വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഒരു പ്ലാനർ അസ്സോസിയേറ്റിനെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, ജനറൽ , തദ്ദേശ സ്വയംഭരണ വകുപ്പ്,
തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, പ്ലാനിംഗ്, തദ്ദേശ സ്വയം ഭരണ വകുപ്പ്,
തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), തിരുവനന്തപുരം
വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
Date: 28-06-2025 09:55:04

സെക്ഷൻ ഓഫീസർ